


# Govt. L.P.S CHENGAMANAD

# വാർഷിക അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025 - 26

## ഗവ: എൽ.പി.എസ്. ചെങ്ങമനാട്

| | |
|---|---|
| സ്കൂൾ കോഡ് | : 25404 |
| ബി. ആർ. സി | : അങ്കമാലി |
| വിദ്യാഭ്യാസ ജില്ല | : ആലുവ |
| ഉപജില്ല | : അങ്കമാലി |
| ജില്ല | : എറണാകുളം |

# ആമുഖം

ചെങ്ങമനാട് ഗവ: എൽ.പി സ്കൂൾ ആത്താണി മാഞ്ഞാലി റോഡരികിൽ ചെങ്ങമനാട് കുന്നപ്പുറത്തു നിന്നും ഏകദേശം 200 മീറ്റർ പടിഞ്ഞാറ് മാറി സ്ഥിതി ചെയ്യുന്നു.

1911-ൽ വടക്കേടത്ത് ശങ്കരപ്പിള്ള മേനോൻ അദ്ദേഹത്തിന്റെ സ്വന്തം പുരയിടത്തിൽ നിന്നും 50-സെന്റ് സ്ഥലം തിരിച്ച് അതിൽ ഒരു ഓലഷെഡ് കെട്ടി വിദ്യാലയം ആരംഭിച്ചു. അക്കാലത്ത് ചട്ടമ്പിസ്വാമി ഇടക്കിടയ്ക്ക് ചെങ്ങമനാട് വന്ന് താമസിക്കാറുണ്ടായിരുന്നു. ശ്രീ ശങ്കരപിള്ളയും ചട്ടമ്പി-സ്വാമിയും തമ്മിൽ നല്ല സൗഹാർദ്ദത്തിലായിരുന്നു. ഈ പരിചയം മൂലം ശങ്കരപിള്ളയെ തിരുവനന്തപുരത്ത് കൊണ്ടു പോവുകയും രാജാവിന്റെ കയ്യിൽ നിന്ന് സ്കൂളിനുള്ള അംഗീകാരം നേടിയെടുക്കുകയും ചെയ്തു. അങ്ങനെ 1912-ൽ ചെങ്ങമനാട് ഗവ: എൽ.പി സ്കൂൾ ആരംഭിച്ചു.

ചെങ്ങമനാടും പരിസരത്തുമുള്ള സാമ്പത്തികമായും സാമൂഹികമായും മുന്നോക്കമുള്ള രക്ഷിതാക്കളുടെ കുട്ടികളായിരുന്നു ആരംഭകാലത്തെ പഠിതാക്കൾ.

ചെങ്ങമനാട് ഗവ: എൽ.പി സ്കൂൾ ക്രമേണ വളർന്ന് യു.പി സ്കൂളും പിന്നീട് ഹൈസ്കൂളുമായി മാറുകയും ചെയ്തു. ഇപ്പോൾ ഇവിടെ ഹയർസെക്കന്ററി സ്കൂളുമുണ്ട്.

ആലുവ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലായിരുന്ന ചെങ്ങമനാട് ഹൈസ്കൂൾ ഭരണ സൗകര്യത്തിനു വേണ്ടി എൽ.പി. വിഭാഗം വിഭജിച്ച് അങ്കമാലി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലാക്കുകയും ചെയ്തു. ഒരു ഓഫീസ് മുറിയും എൽ.പി. സ്കൂളിന് വേണ്ടി 2 സെ.മീ. പെർമനന്റ് കെട്ടിടങ്ങളും ഹൈസ്കൂളിൽ നിന്ന് വിട്ടുകിട്ടുകയും ചെയ്തു.

ചെങ്ങമനാട് എൽ.പി സ്കൂളിനു വേണ്ടി ഒരേക്കർ ഒരു സെന്റ് സ്ഥലം അക്വയർ ചെയ്യുകയും അതിൽ ഗ്രാമപഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും സഹായത്തോടെ എൽ.പി. സ്കൂളിന് വേണ്ടി സ്വന്തമായി 4-ക്ലാസ്സ് മുറികളുള്ള ഒരു പുതിയ കെട്ടിടം പണിയുകയും ചെയ്തു.

ചെങ്ങമനാടും പരിസരത്തുമുള്ള എല്ലാ കുട്ടികൾക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച വിദ്യാലയം പിന്നീട് പല വർഷങ്ങളായി കുട്ടികൾ കൂടി വന്നു. പിന്നീട് കുറച്ച് കാലം അൺഎയ്ഡഡ് വിദ്യാലയങ്ങൾ പരിസരത്ത് സ്ഥാപിതമായപ്പോൾ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായി. ഇപ്പോൾ എല്ലാ വിഭാഗം കുട്ടികളും പഠിക്കുന്ന ഈ പൊതുവിദ്യാലയം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ബി.ആർ.സി. മാറിമാറിവരുന്ന PTA, SMC, OSA അംഗങ്ങളുടെ സഹായത്തോടെ ഭൗതിക സാഹചര്യങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്താൻ സാധിച്ചിട്ടുണ്ട്. നല്ല രീതിയിൽ നടന്നു വരുന്ന പ്രീ-പ്രൈമറി ക്ലാസ്സ് ഉള്ളതിനാൽ കുട്ടികളുടെ കുറവ് കാര്യമായി ഉണ്ടാവുന്നില്ല.

2025-26 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം

| | I | | II | | III | | IV | | Total. |
|---|---|---|---|---|---|---|---|---|---|
| വിഭാഗം | B | G | B | G | B | G | B | G | |
| ജനറൽ | 2 | 3 | 1 | 3 | 2 | 1 | 3 | 2 | |
| ഒ.ബി.സി<br>ഒ.ഇ.സി | 13 | 11 | 7 | 9 | 14 | 12 | 7 | 8 | |
| എസ്.സി | 2 | 1 | 5 | 2 | 3 | 1 | 4 | 5 | |
| എസ്.ടി | 0 | 0 | 0 | 0 | 0 | 0 | 0 | 0 | |
| | | | | | | | | | |
| ആകെ | | | | | | | | | 164. |

പ്രീപ്രൈമറി

| B | G | Total. |
|---|---|---|
| 21, | 18 | 42 |

| | I | | II | | III | | IV | |
|---|---|---|---|---|---|---|---|---|
| വിഭാഗം | B | G | B | G | B | G | B | G |
| മുസ്ലീം | | | | | | | | |
| എ.പി.എൽ | | | | | | | | |
| ബി.പി.എൽ | | | | | | | | |
| സിഡബ്ല്യു എസ് | | | | | | | | |

## അധ്യാപകർ നിലവിലെ അവസ്ഥ.

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താത്കാലിക നിയമനങ്ങൾ | 3 വർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| എൽ.പി വിഭാഗം | 7 | 7 | — | 1 |
| പ്രീ-പ്രൈമറി | 2 | 1 | — | 1 |

അധ്യാപകർക്ക് ലഭിച്ച വിവിധ പരിശീലനങ്ങൾ ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തുന്നു. 2025- മെയ് മാസം നടന്ന അവധിക്കാല പരിശീലനത്തിലും എല്ലാ അധ്യാപകരും പങ്കെടുത്തിട്ടുണ്ട്. CWSN കുട്ടികളെ പരിഗണിച്ച് കൊണ്ടുള്ള പരിശീലനം അധ്യാപകർ നൽകുന്നതോടൊപ്പം ഒരു സ്പെഷൽ അധ്യാപികയും CWSN കുട്ടികളെ പരിശീലിപ്പിക്കാൻ എത്തുന്നു.

## ലക്ഷ്യങ്ങൾ

1. മത നിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ ഐ.ടി. അധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ തികച്ചും സൗജന്യവുമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തുക.
2. ആധുനിക അറിവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം ഒരുക്കുക.
3. എൽ.കെ.ജി മുതൽ പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാനാകുന്ന പ്രവർത്തന കലണ്ടർ രൂപപ്പെടുത്തൽ.
4. അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
5. കാർഷിക സംസ്കാരവും പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളും നല്ല രീതിയിലുള്ള സാമൂഹിക ഇടപെടലുകളും പുതിയ തലമുറയിൽ വളർത്തിയെടുക്കുക.
6. പ്ലാസ്റ്റിക് വിമുക്ത - രാസകീടനാശിനിമുക്ത - ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക.
7. പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി മുഖ്യധാരയിലേക്കെത്തിക്കുക.
8. വിദ്യാഭ്യാസ പ്രവർത്തനങ്ങളും പഠനപുരോഗതിയും ക്ലാസ് പി.ടി.എകളിലും പൊതുയോഗങ്ങളിലും വിലയിരുത്തുക.
9. വിദ്യാലയത്തിന്റെ ലഘു ചരിത്രം.
10. വിദ്യാർത്ഥികളിൽ സമഗ്രഗുണമേന്മാ വിദ്യാഭ്യാസം ലഭിക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തുക.
11. ഭിന്നശേഷി കുട്ടികളെ പരിഗണിച്ചു കൊണ്ടുള്ള ഭൗതിക സാഹചര്യവും പഠന പ്രവർത്തനങ്ങളും ഒരുക്കൽ.
12. സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുക

## നിലവിലെ അവസ്ഥാ വിശകലനം – ഭൗതികം നേട്ടങ്ങൾ

വൈദ്യുതീകരിച്ചതും ടൈലിട്ടതുമായ 6 - ക്ലാസ്സ്മുറികൾ ഐ. ടി അധിഷ്ഠിത പഠന സൗകര്യം. നവീകരിച്ച ഓഫീസ് റൂം. ഹെഡ്മാസ്റ്ററോടനുബന്ധിച്ച് നാട്ടുകാരനായ നാരായണൻ അവർകളുടെ സംഭാവനയായി കിട്ടിയ കല്യാണി നാരായണൻ മെമ്മോറിയൽ സ്റ്റേജിന്റെ മുൻപിൽ കമ്മിറ്റി പ്രവർത്തനത്തിന്റെ മുൻപിൽ ഒരു ഓപ്പൺ ഓഡി- റ്റോറിയം ഇപ്പോൾ പണിതിട്ടുണ്ട്. സ്റ്റേജിനോട് ചേർന്ന് ഒരു ഗ്രീൻ റൂം. കമ്പ്യൂട്ടർ ലാബ്, വിവിധ സൗകര്യങ്ങളുള്ള പ്രീപ്രൈമറി കളിയിടങ്ങൾ, പഠന സൗകര്യത്തിനായി ലാപ്ടോപ്പുകളും, ഫാനുകളും, മറ്റും ലഭിച്ചിട്ടുണ്ട്. നടക്കുന്ന സെൻട്രൽ കയർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സംഭാവനയായി കിട്ടിയ 2 ക്ലാസ്സ്റൂമിന്റെ പണി തീരാറായിരിക്കുന്നു.

## ഭൗതികം – പരിമിതികൾ

കമ്പ്യൂട്ടർ ലാബുകൾ വികസിപ്പിക്കേണ്ടതുണ്ട്. ക്ലാസ്സ്മുറികളും സ്റ്റോർ റൂമുകളും ആവശ്യമായി ഉണ്ട്. ചുറ്റുമതിൽ പൂർണമല്ല. കളിസ്ഥലം നിർമ്മിക്കേണ്ടതുണ്ട്.

## അക്കാദമികം – നേട്ടങ്ങൾ

തുടർച്ചയായി അറബിക് കലോത്സവത്തിലും, കലാമത്സരങ്ങളിലും മികച്ച നിലവാരം പുലർത്തുന്നു. 2024-25 - അധ്യയന വർഷത്തിലും LSS - ലഭിച്ചിട്ടുണ്ട്. 2009-10 - അധ്യയന വർഷത്തിൽ അങ്കമാലി ഉപജില്ലാ കലോത്സവത്തിൽ ഗവൺമെന്റ് തലത്തിൽ 1-ാം സ്ഥാനം കിട്ടുകയും തുടർന്നുള്ള വർഷങ്ങളിലും മികച്ച ഗ്രേഡുകൾ കരസ്ഥമാക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതിനോടൊപ്പം ജില്ലാ 'ശുചിത്വ അവാർഡ്' ലഭിച്ചിട്ടുണ്ട്. കുട്ടികളുടെ സർഗാത്മക രചനകളിൽ നല്ല നിലവാരം പുലർത്തുക-യും മാഗസിനുകൾ നിർമിക്കുകയും ചെയ്തു വരുന്നു. Food fest, Sports, കലാമത്സരങ്ങൾ എന്നിവയിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചു വരുന്നു. അക്കാദമിക പ്രവർത്തനങ്ങളിൽ പല-കുട്ടികളും നല്ല നിലവാരത്തിലെത്തുന്നു. ശിശു സൗഹൃദമായ വിദ്യാലയ പരിസരം കുട്ടികളുടെ മാനസികോല്ലാസം വളർത്തി വരുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രമാക്കാൻ

1. 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്' എന്ന പൗലോ ഫ്രെയറുടെ നിർവചനത്തെ സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കി പണിയാനുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.
2. പാഠ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
3. പരിസ്ഥിതി സൗഹാർദ്ദപരമായ പഠനപ്രവർത്തനങ്ങളും പഠനാന്തരീക്ഷവും സൃഷ്ടിക്കൽ.
4. വിദ്യാർഥികൾ ശാസ്ത്ര തത്വങ്ങൾ മനസ്സിലാക്കിയും ലഘു പരീക്ഷണങ്ങളിലേർപ്പെട്ടും ശാസ്ത്രാവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.
5. ഭാഷയും ഗണിതവും ആസ്വാദ്യകരമാക്കാനുള്ള വിവിധ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുക.
6. പാർശ്വവത്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം ഒരുക്കൽ
7. ലഹരി വിരുദ്ധ മനോഭാവം, ശുചിത്വം, ദീനാനുകമ്പ, സഹകരണം, പരസ്പര സഹായം, സ്നേഹം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തിയെടുക്കാനുള്ള സാഹചര്യം ഒരുക്കൽ.
8. ഭൗതികവും, സാമൂഹികവുമായ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ : വിവിധ ഘട്ടങ്ങൾ

1. SRG യോഗത്തിൽ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും
2. വികസനാവശ്യങ്ങൾ ക്ലാസ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം — അക്കാദമികം സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ SRG, SMC, PTA, MPTA, SDC എന്നിവരടങ്ങുന്ന രാഷ്ട്രീയ സംഘടന പ്രതിനിധികൾ ശില്പശാലയിൽ അവതരിപ്പിക്കൽ — ഇവിടെ ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
4. PTA — ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## അക്കാദമികം - പരിമിതികൾ

കലാ - കായിക പരിശീലനത്തിന് പ്രത്യേക അധ്യാപകരുടെ സേവനം ലഭ്യമാകുന്നില്ല.

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

### അക്കാദമികം

- ഭാഷാ ശേഷിവികസനം
- ഇംഗ്ലീഷ് പഠനപരിപോഷണം
- അറബി ഭാഷാ പഠനപരിപോഷണം.
- ഗണിത ശേഷി വികസനം.
- വായനാ പരിപോഷണം.
- കലാ-കായിക വികസനം
- ഐ.ടി. സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തൽ
- ലഘു പരീക്ഷണം
  ശാസ്ത്രാവബോധം വളർത്തൽ
- പ്രവൃത്തി പരിചയ ശില്പശാല
- ആരോഗ്യ - ശുചിത്വ വിദ്യാഭ്യാസം
- ജൈവ വൈവിധ്യ പാർക്ക്
- പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്
- ഹരിത വിദ്യാലയം
- പച്ചക്കറി തോട്ടം, പൂന്തോട്ടം
- ഔഷധ സസ്യങ്ങൾ കണ്ടെത്തി സംരക്ഷണം
- ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ
- ഭക്ഷണം പാഴാക്കരുത്;
- ജലസംരക്ഷണം,
- മണ്ണിനെ അറിയാം
- എന്റെ ചെടി... എന്റെ മരം
- പഠനാനുബന്ധ പ്രവർത്തനങ്ങൾ.
  രുചിമേളം
- സർഗാത്മക ശേഷി വികസനം
- പ്രദർശനങ്ങൾ - അവതരണം.

### ഭൗതികം

- ക്ലാസ് റൂമിന്റെ അഭാവം പരിഹരിച്ച് സുരക്ഷിതമുള്ള കെട്ടിട സൗകര്യങ്ങൾ.
- ആവശ്യമായ ഫർണിച്ചറുകൾ
- കുടിവെള്ള വിതരണം
- മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരണം
- അടുക്കളത്തോട്ടം
- പൂന്തോട്ടം
- ഔഷധത്തോട്ടം
- വൃത്തിയുള്ള ഡൈനിംഗ് ഹാൾ
- ക്ലീൻ സ്കൂൾ ഒരുക്കൽ
- ജൈവ വൈവിധ്യ പാർക്ക് വിപുലീകരണം
- ലൈബ്രറി ഒരുക്കൽ
- ലാബ് വികസനം

### സാമൂഹികം

- CPTA ശക്തിപ്പെടുത്തൽ
- അമ്മമാരും അടുക്കളത്തോട്ടവും
- അമ്മ വായന
- കുടുംബവായന
- സമൂഹ വായന
- (വീട്ടിലെ വായന)
- അമ്മരുചിയും കരുതലും
- ഭവനസന്ദർശനം
- വിരമിച്ചവരും വിദ്യാലയത്തിനൊപ്പം
- ലഹരിവിരുദ്ധ പ്ലാസ്റ്റിക് വിമുക്ത പ്രവർത്തനങ്ങൾ
- OSA - ശക്തിപ്പെടുത്തൽ.

മേഖല - അക്കാദമികം
ഉപമേഖല: ഭാഷാശേഷി വികസനം.
പ്രവർത്തനത്തിന്റെ പേര്: - എന്റെ വായന ; അമ്മ വായന ; കുടുംബ വായന
സമൂഹ വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | കുഞ്ഞു പുസ്തക വായന<br>പദ നിർമ്മാണം<br>വാക്യ നിർമ്മാണം<br>ആസ്വാദന കുറിപ്പ്<br>അസംബ്ലിയിൽ വായന<br>അമ്മ വായന<br>കുട്ടിയെ സഹായിക്കൽ<br>കുടുംബ വായന<br>സമൂഹ വായനയിലെത്തിക്കാനുള്ള ലൈബ്രറി വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ<br>ഒരു ദിവസം (ആഴ്ച) ഉച്ചയ്ക്ക് മലയാളം ഇംഗ്ലീഷ് - അറബി. വായനാ പരിപോഷണ പ്രവർത്തനങ്ങൾ നൽകുന്നു.<br>വായനാ കാർഡ് നിർമ്മാണം<br>സർഗാത്മക രചനകൾ പ്രദർശനം...<br>വായനാ മത്സരങ്ങൾ | ജൂൺ-മാർച്ച്<br>ആഴ്ചയിൽ ഒരു ദിവസം<br>"<br>, | അധ്യാപകർ<br>രക്ഷിതാക്കൾ<br>നാട്ടുകാർ<br>കുടുംബം | SRG.<br>CPTA<br>PTA<br>OSA.<br>2,500/- |
| ഭാഷാശേഷി വികസനം ഐ.ടി. തലത്തിൽ.<br>ഈ ലക്ഷ്യം<br>ചെറിയ ക്ലാസ്സിൽ നിന്ന് തന്നെ അനായാസമായി കീബോർഡ് ഉപയോഗത്തിൽ കീബോർഡ് പരിചയം - ഇംഗ്ലീഷ് വാക്കുകൾ ടൈപ്പ് ചെയ്യൽ ഭാഷാ വികസന വീഡിയോ പ്രദർശനത്തിലൂടെ ഭാഷാശേഷി വികസനം. | ആഴ്ചയിൽ ഒരു ദിവസം. ഐ.ടി പുസ്തകത്തോടൊപ്പം കീബോർഡ് ഉപയോഗിച്ച് പദനിർമ്മാണം... വിവിധ വീഡിയോ വീഡിയോ പ്രദർശനം. | ജൂൺ-മാർച്ച്<br>ആഴ്ചയിൽ ഒരു ദിവസം | അധ്യാപകർ | - |

പ്രവർത്തനത്തിന്റെ പേര് : വിസ്മയ ബോർഡ്
ഉപമേഖല : ഭാഷാശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തൽ | നിരന്തര വായനയിലൂടെ കുട്ടികളുടെ സർഗാത്മകരചനകൾ വികസിപ്പിച്ച പ്രദർശനം. (ഇംഗ്ലീഷ്-മലയാളം | ആഴ്ചയിൽ ഒരുദിവസം ജൂലൈ-മാർച്ച് | അധ്യാപകർ കുട്ടികൾ രക്ഷിതാക്കൾ | SRG, SMC. PTA OSA (ലൈബ്രറി വികസനം വിവിധ വസ്തുക്കൾ സംഘടിപ്പിക്കാനുള്ള സാമ്പത്തിക സഹായമാർഗങ്ങൾ. |

പ്രവർത്തനത്തിന്റെ പേര് :- ഗണിതം മധുരം
മേഖല - അക്കാദമികം
ഉപമേഖല - ഗണിതശേഷിവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഗണിത പഠനം ലളിതവും ആസ്വാദ്യകരവുമാക്കൽ | വിവിധ പഠന പ്രവർത്തനങ്ങൾ ഗണിതകേളി ഗണിതപ്പാട്ട്.. ഗണിതമൂല ഒരുക്കൽ ഗണിതബോക്സ് തയ്യാറാക്കി അതുപയോഗിച്ച് ഗണിതശേഷി നേടാനുള്ള പരിശീലനം നൽകൽ പഠനനേട്ടങ്ങൾ പ്രദർശനം CPTA യിൽ. ക്ലാസുമുറിയിൽ | ആഴ്ചയിൽ രണ്ട് ദിവസം പ്രത്യേക പരിശീലനം ജൂൺ-മാർച്ച് | ക്ലാസ് അധ്യാപകർ | പഞ്ചായത്ത് ചിലവ് SRG - |

മേഖല : അക്കാദമികം

ഉപമേഖല : കലാകായികപരിശീലനം

പ്രവർത്തനത്തിന്റെ പേര് — തിളങ്ങാം കലയിലും കായികത്തിലും .

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദീകരണം |
|---|---|---|---|---|
| കുട്ടികളിൽ കലാകായിക വാസനകൾ വികസിപ്പിക്കൽ സ്കൂൾ - സബ് ജില്ലാതല മത്സരങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കൽ വ്യായാമം ഇഷ്ടപ്പെടുന്നവരാക്കൽ | ആഴ്ചയിൽ രണ്ടുദിവസം കുട്ടികളെ ഗ്രൂപ്പിൽ നിർത്തി പരിശീലനം വിവിധ കളികൾ നൽകൽ - [illegible] കായികാധ്യാപകന്റെ സഹായത്തോടെ മത്സരങ്ങൾ നടത്തൽ വിവിധ കായിക മത്സരങ്ങൾ സംഘടിപ്പിക്കൽ ടാലന്റ് ലാബ് വിവിധ കലാപ്രവർത്തനം വിദ്യാരംഗം വേദിയിലൂടെ അവസരമൊരുക്കിയും. | ജൂൺ - ഫെബ്രുവരി. | അധ്യാപകർ കുട്ടികൾ PTA | PTA SMC. |

മേഖല = അക്കാദമികം

പ്രവർത്തനം - ശില്പശാല.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദീകരണം |
|---|---|---|---|---|
| കുട്ടികളുടെ ശാസ്ത്രാഭിരുചി കലാഭിരുചി എന്നിവ വളർത്തൽ പേപ്പർ ചലന [illegible] .... | സ്പെഷൽ അധ്യാപകർ പ്രാവീണ്യമുള്ള രക്ഷിതാക്കൾ എന്നിവരുടെ സഹായത്തോടെ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട പഠനോപകരണ ശില്പശാലയും പ്രവൃത്തി പരിചയ ശില്പശാലയും സംഘടിപ്പിക്കൽ | ജൂലൈ - മാർച്ച് | അധ്യാപകർ PTA SMC | PTA SMC. |

മേഖല :- ഭൗതികം; അക്കാദമികം

പ്രവർത്തനത്തിന്റെ പേര്; ഔഷധ ചെടി, കൃഷിത്തോട്ടം
ഔഷധ സസ്യങ്ങൾ
ഭൂമിക്കൊരു കുട
കെട്ടിടം - വികസനം.
ഹരിത വിദ്യാലയം.
ശുദ്ധജലം മാത്രം..

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൂമിക്കൊരു കുട<br>പ്രകൃതിസംരക്ഷണം<br>സുരക്ഷിതമായ ക്ലാസ് റൂം<br>കുടിവെള്ളം<br>ശുചിത്വശീലം<br>ആരോഗ്യവർദ്ധനം | പണിനടന്നു കൊണ്ടിരിക്കുന്ന ക്ലാസ് റൂമിന്റെ പണി പൂർത്തിയാക്കി ക്ലാസ് റൂമിന്റെ അടിഭാഗം പരിഷ്കരിക്കൽ<br>മേടു കൂടാതെ ഇവ നിലനിർത്തുന്നതിന്റെ അവബോധം കുട്ടികൾക്ക് നൽകുക.<br>നിലവിലുള്ള വിദ്യാലയ പരിസരത്ത്, പൂന്തോട്ടം കൃഷിത്തോട്ടം ഔഷധസസ്യങ്ങൾ കണ്ടെത്തി സംരക്ഷണം<br>ഓരോ കുട്ടിയും ഭൂമിക്കൊരു പച്ചപ്പിൽ കുട നൽകൽ<br>നിലവിലുള്ള ജലസ്രോതസ്സുകൾ ശുചീകരിച്ച് ഫിൽട്ടർ ചെയ്തതോ തിളപ്പിച്ചാറിയതോ ആയ കുടിവെള്ളവിതരണം | ഏപ്രിൽ... ഓഗസ്റ്റ്<br>ജൂൺ- ഫെബ്രുവരി | PTA<br>SMC<br>OSA | PTA<br>SMC.<br>OSA |

മേഖല: അക്കാദമികം
പ്രവർത്തനം: ലഘുപരീക്ഷണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചിയും ശാസ്ത്രാവബോധവും വളർത്തുക. | പാഠഭാഗവുമായി പരസ്പരബന്ധിതമായ ലഘുപരീക്ഷണങ്ങൾ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | അധ്യാപകർ. |

മേഖല: സാമൂഹികം

പ്രവർത്തനത്തിന്റെ പേര് :- ഞാനും ഞാൻ പഠിച്ച വിദ്യാലയവും
പൂർവ്വ വിദ്യാർത്ഥി സംഗമം
പൂർവ്വ അദ്ധ്യാപക സംഗമം
പ്രതിഭാ പിന്തുണ :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | രജിസ്റ്റർ പരിശോധിച്ച് പൂർവ്വ വിദ്യാർത്ഥി സംഗമവും, പൂർവ്വ അദ്ധ്യാപക സംഗമവും സംഘടിപ്പിച്ച് വിദ്യാലയവികസനം ഉറപ്പുവരുത്തൽ വിവിധ തലങ്ങളിൽ മാതൃകയായവരെ ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന് വഴിയൊരുക്കൽ | 1-വർഷം | ഹെഡ്മിസ്ട്രസ്<br>OSA<br>PTA<br>SMC<br>സീനിയർ അധ്യാപകർ | OSA<br>SMC. |

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദവും, തികച്ചും സൗകര്യപ്രദവുമായ പഠനം.
- വിദ്യാലയ പ്രവേശന നിരക്കിൽ വർദ്ധന.
- സമഗ്രഗുണമേന്മയുള്ള വിദ്യാർത്ഥി സമൂഹം
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- മൂല്യബോധമുള്ള വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കൽ
- വിദ്യാലയ വികസനത്തിലും അധ്യയനത്തിലും പുതിയ നേട്ടങ്ങൾ കൈവരിക്കുന്നു.

## ഉപസംഹാരം

സമഗ്രഗുണമേന്മയിലൂടെ മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന നവലോകം സമാധാനപരമായി സൃഷ്ടിക്കാൻ ഉതകുന്ന മഹാപ്രക്രിയയാണ് വിദ്യാഭ്യാസം. ഈ രംഗത്തെ സ്വകാര്യ വത്കരണം ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഇതിനെതിരെ സമഗ്രവും, ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമപദ്ധതിയാണ് പൊതുവിദ്യാഭ്യാസത്തിലെ സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി. ഇതിൽ പങ്കാളിയായി കൊണ്ട് നമ്മുടെ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും അതിനെ കാത്തുസൂക്ഷിച്ച് കൂടുതൽ സമ്പുഷ്ടമാക്കുന്നതിന് ഈ ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ ഒരു പരിധിവരെ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# നിർവഹണ പദ്ധതി

## 2025-26

ജൂൺ 2 — March

# പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം - ഹരിത വിദ്യാലയം

വെങ്ങമനാട് ഗവ: എൽ.പി എസ് പ്ലാസ്റ്റിക് രഹിതമാക്കാനുള്ള നടപടികൾ 2024-25 - അധ്യയന വർഷം തന്നെ നടപ്പിലാക്കുകയുണ്ടായി. രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസ്സ് നൽകുകയും സ്കൂളിലെ പരിസ്ഥിതി ക്ലബ്ബിന്റെയും ഹരിതക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ മാലിന്യങ്ങൾ വേർതിരിക്കു കുടിവെള്ളം കുട്ടികൾ പ്ലാസ്റ്റിക് ബോട്ടിലിൽ കൊണ്ടുവരാതെ സ്കൂളിൽ നിന്ന് തന്നെ തിളപ്പിച്ചാറിയതും ഫിൽട്ടർ ചെയ്തതുമായ കുടിവെള്ളം നൽകി.

വിദ്യാലയത്തിലെ സ്കൗട്ട് യൂണിറ്റ് കപ്പ, വഴുതന, വെണ്ടയ്ക്ക തുടങ്ങിയ പച്ചക്കറികൾ ഉണ്ടാക്കി. 2025- പ്രവേശനോത്സവ (2-6-25) ദിവസത്തെ ഉച്ച ഭക്ഷണത്തിൽ സ്കൂളിൽ തന്നെ ഉണ്ടാക്കിയ കപ്പ കുട്ടികൾക്ക് കൊടുക്കാൻ കഴിഞ്ഞു.

(2025)-2-6-25-ന് സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി PTA, SMC, OSA, അധ്യാപകർ എന്നിവർ വിദ്യാലയ പരിസരം പ്ലാസ്റ്റിക് മുക്തമാക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്തു. പ്രവേശനോത്സവ ദിവസം അലങ്കാരങ്ങൾ എല്ലാം പ്ലാസ്റ്റിക് രഹിതമായിരുന്നു. അങ്കമാലി സബ്ജില്ലാതല പ്രവേശനോത്സവം ഈ വിദ്യാലയത്തിൽ നിന്നായിരുന്നു. ആ ദിവസം സ്കൂളിലെ സ്കൗട്ട് കുട്ടികൾ പരിശീലിച്ച കടലാസ് പൂവും തുണിസഞ്ചിയും അങ്കമാലി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും (സീനബോൾ മാഡം) ഫയറ്റ് ഫോക്കൽറ്റി രേവ ടീച്ചർക്കും നൽകി; അപ്പോഴും ഈ വിദ്യാലയം പ്ലാസ്റ്റിക് വിമുക്ത വിദ്യാലയമാണെന്ന് പ്രഖ്യാപിച്ചു. തുടർ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരു പ്രതിജ്ഞ അധ്യാപകരും കുട്ടികളും രക്ഷിതാക്കളും എടുത്തു പോസ്റ്ററുകളും ചെയ്തു.